## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 471 12.06.2012-ൽ മറുപടിക്ക്

### സഹകരണ സംഘങ്ങളും ബാങ്കുകളും ജനകീയവൽക്കരിക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള :<br>ശ്രീ. മോൻസ് ജോസഫ് :<br>ശ്രീ. തോമസ് ഉണ്ണിയാടൻ :<br>ശ്രീ. സി.എഫ്. തോമസ് : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന നിലയിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത് ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളും ബാങ്കുകളും സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന നിലയിൽ പ്രവർത്തന ക്ഷമമാക്കുന്നതിന്റെ ആദ്യപടിയെന്നോണം ഈ സർക്കാർ അധികാരമേറ്റ വേളയിൽ അംഗങ്ങളുടെ വായ്പാ ബാധ്യത കുറക്കുകയും സഹകരണ സംഘങ്ങളുടെ കടിശ്ശിക കുറക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ 2011 ജൂലായ് 1 മുതൽ സെപ്തംബർ 15 വരെ 'ആശ്വാസ് 2011' എന്ന ഒരു ജനകീയ പദ്ധതി നടപ്പിലാക്കി.<br>ഈ പദ്ധതിയിലൂടെ 73.13 കോടി രൂപയുടെ ആനുകൂല്യം വായ്പക്കാർക്ക് നൽകുകയും 1007.05 കോടി രൂപ കടിശ്ശിക പിരിച്ചെടുക്കാനും കഴിഞ്ഞു.<br>2011 നവംബർ 1 മുതൽ 30 വരെ നടത്തിയ നിക്ഷേപ സമാഹരണത്തിലൂടെ 4,425 കോടി രൂപ സ്വരൂപിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സാമൂഹ്യ സാമ്പത്തിക രംഗത്തെ അതിശക്തമായ ജനകീയ പ്രസ്ഥാനമായി നിലകൊള്ളുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും |

സാധാരണ ജനങ്ങൾക്ക് ഗുണകരമാകുന്ന നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിനുമായി സംഘങ്ങളിലെ ഓരോ അംഗത്തെയും അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ഓരോ സംഘത്തിന്റെയും സമസ്ത പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനും, മെച്ചപ്പെടുത്തുവാനും "എന്റെ സംഘം" എന്ന ക്യാമ്പയിൻ 2012 ഏപ്രിൽ 14 മുതൽ ആഗസ്റ്റ് 14 വരെ ഇപ്പോൾ നടപ്പിലാക്കി വരികയാണ്. സംഘം തന്റേതാണെന്നും സംഘം നിലനിൽക്കേണ്ടത് ആവശ്യമാണെന്നുമുള്ള അവബോധം അംഗങ്ങളിൽ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി സംഘം പ്രവർത്തനം കൂടുതൽ സാധാരണ ജനങ്ങൽക്ക് ഗുണകരമായി ഭവിക്കാനും ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിട്ടിട്ടുണ്ട്.

അതോടൊപ്പം തന്നെ വർഷങ്ങളായി ഓഡിറ്റിൽ തടഞ്ഞിട്ടുള്ള തുകകൾക്ക് തത്തുല്യമായി തുകകൾ റിസർവ് വച്ചിട്ടുള്ളത് കാരണം, സംഘങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി പ്രതിഫലിക്കാത്ത തിനാൽ, ഇപ്രകാരം റിസർവ് വച്ചിട്ടുള്ള തുകകൾ പരിശോധിച്ച്, നിയമാനുസൃതം നീക്കം ചെയ്യാവുന്നവ നീക്കം ചെയ്ത് കടധന പട്ടികയിൽ യഥാർത്ഥ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നതിനും, തദ്വാര സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി 'ഉണർവ്' എന്ന പേരിൽ ഒരു ക്യാമ്പയിൻ നടന്നു വരുന്നു.

കുടിശ്ശിക കുറക്കുന്നതിനും, സഹകരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ നിന്നും എൻ.സി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന സാമ്പത്തിക സഹായങ്ങൾ സർക്കാർ നൽകി വരുന്നുണ്ട്. മാത്രമല്ല, ഉൽസവകാല ചന്തകളും, നീതി സ്റ്റോറുകളും, നന്മസ്റ്റോറുകളും, പച്ചക്കറി വിതരണ മേളകളും, സഞ്ചരിക്കുന്ന മൊബൈൽ ത്രിവേണി സ്റ്റോറുകൾ, ഫ്ളോട്ടിംഗ് ത്രിവേണി തുടങ്ങിയവ നടപ്പിലാക്കുന്നത് മുഖേന സാധാരണ ജനങ്ങൾക്ക് സംഘം പ്രവർത്തനം മൂലം ഗുണകരമാകുന്നതിന് കഴിഞ്ഞിട്ടുണ്ട്.

| | |
|---|---|
| (ബി) സഹകരണ സ്ഥാപനങ്ങൾ സാധാരണ ക്കാരന് ലോൺ നൽകുന്നതിലും കുടിശ്ശിക പിരിക്കുന്നതിലും വിവേചനം കാട്ടുന്നത് അവസാനിപ്പിക്കാൻ എന്തൊക്കെ നടപടി കൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) 2012 ഏപ്രിൽ 14 മുതൽ ആഗസ്റ്റ് 14 വരെ നടപ്പിലാക്കുന്ന "എന്റെ സംഘം" എന്ന ക്യാമ്പ യിനിലൂടെ സഹകരണ സ്ഥാപനങ്ങൾ സാധാരണ ക്കാരന് ലോൺ നൽകുന്നതിലും കുടിശ്ശിക പിരിക്കുന്നതിലും വിവേചനം കാട്ടുന്നത് അവസാനിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കി വളരെ വേഗത്തിൽ വായ്പകൾ നൽകുന്നതിനുള്ള നടപടികൾ സംഘം തലത്തിൽ സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്ന വായ്പകൾ യഥാസമയം ഈടാക്കുന്നതിന് കുടിശ്ശികയായ വായ്പക്കാരെ യഥാസമയം നേരിൽ കണ്ട് മടക്കി അടയ്ക്കാൻ പ്രേരിപ്പിക്കുന്നതിന് ഓരോ ജീവനക്കാർക്കും പ്രത്യേകം ചുമതല നൽകുന്നതിനും ഭരണസമിതി അംഗങ്ങളും വായ്പക്കാരെ നേരിൽ കണ്ട് വായ്പ മടക്കി അടയ്ക്കുന്നതിന് പ്രേരിപ്പിക്കുന്നതിനും, പ്രാദേശിക പ്രത്യേകതകളും സൗകര്യങ്ങളും കണക്കിലെടുത്ത് സംഘം/ബാങ്ക് പ്രവർത്തന സമയം ക്രമീകരിക്കുന്നതിനും, വായ്പാ കുടിശ്ശിക ഈടാക്കുന്നതിന് റിക്കവറി ക്യാമ്പ്/ അദാലത്ത് എന്നിവ സംഘം തലത്തിൽ നടത്തുന്നതിനും ദിവസവേതനക്കാരായ വായ്പ്പ ക്കാരിൽ നിന്നും തൊഴിലാളികളിൽ നിന്നും പ്രതിദിനം/പ്രതിവാരം വായ്പതുക ഈടാക്കുന്നതിനും അതോടൊപ്പം കേരള സഹകരണ വികസന ക്ഷേമ നിധിബോർഡ് ആവിഷ്കരിച്ചിട്ടുള്ള "റിസ്ക് ഫണ്ട്" പദ്ധതിയിൽ അംഗമാകുവാൻ അവശേഷിക്കുന്ന സംഘം/ബാങ്കുകളെ അംഗമാക്കുന്നതിനും വായ്പക്കാര നിൽ നിന്നും പ്രീമിയം ഈടാക്കി വായ്പ എടുത്ത് തിരിച്ചടവ് നടത്തി വരവെ മരണമടയുന്ന വായ്പക്കാരുടെ വായ്പാ ബാധ്യത ഒഴിവാക്കുന്നതിനുള്ള "റിസ്ക്ഫണ്ട്" പദ്ധതിയുടെ പ്രയോജനം ഉറപ്പ വരുത്തുന്നതിനും "എന്റെ സംഘം" ക്യാമ്പയി നിലൂടെ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ